# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മാർച്ച് 31**

---

## പി.ജി. പൊതു പ്രവേശന പരീക്ഷ;അപേക്ഷ നൽകുന്നതിനുള്ള സമയപരിധി നീട്ടി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ വകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററുകളിലും 2023-24 വർഷത്തെ ബിരുദാനന്തര ബിരുദ, എം.ടെക്ക് കോഴ്സുകളുടെ പൊതു പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി മെയ് രണ്ടുവരെ നീട്ടി. മെയ് 6,7 തീയതികളിൽ നടത്താനിരുന്ന പ്രവേശന പരീക്ഷയും മാറ്റിയിട്ടുണ്ട് പുതിയ പരീക്ഷാ തീയതികൾ പിന്നീട് അറിയിക്കും.

ബിരുദ പരീക്ഷ വിജയിച്ചവർക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും പി.ജി പ്രവേശനത്തിന് അപേക്ഷിക്കാം. പ്രവേശന പരീക്ഷയുടെയും മറ്റ് യോഗ്യതാ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ കേന്ദ്രീകൃത അലോട്ട്മെൻറിലൂടെയാണ് പ്രവേശനം. വിവിധ കേന്ദ്രങ്ങളിൽ പ്രവേശന പരീക്ഷ നടക്കും.

www.cat.mgu.ac.in മുഖേന ഓൺലൈനിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിവിധ വകുപ്പുകളിലും കേന്ദ്രങ്ങളിലുമുള്ള ഒന്നിലധികം കോഴ്സുകൾക്ക് ഓൺലൈനിൽ ഒരു അപേക്ഷ സമർപ്പിച്ചാൽ മതിയാകും. ഒരു അപേക്ഷയിൽ മുൻഗണനാക്രമത്തിൽ പരമാവധി നാലു കോഴ്സുകൾക്കുവരെ ഉൾപ്പെടുത്താം. വിവിധ വകുപ്പുകളിലെ കോഴ്സുകൾക്ക് അപേക്ഷിക്കുന്നവർ ഓരോ പരീക്ഷയ്ക്കും പ്രത്യേകം ഫീസ് അടയ്ക്കണം. ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കുന്നവരുടെ അപേക്ഷ റദ്ദാക്കും.

പ്രവേശനം ലഭിക്കുന്ന അക്കാദമിക് പ്രോഗ്രാമിൽനിന്ന് മറ്റൊന്നിലേക്ക് നിബന്ധനകൾക്ക് വിധേയമായി മാറുന്നതിനും അവസരമുണ്ട്.

ബിരുദ പരീക്ഷയുടെ ഫലം കാത്തിരിക്കുന്നവർ പ്രവേശനത്തിനുള്ള അവസാന തീയതിക്കു മുൻപ് യോഗ്യതാ രേഖകൾ ഹാജരാക്കണം. വിശദമായ പ്രോസ്പെക്ടസ് cat.mgu.ac.in ൽ ലഭിക്കും. ഫോൺ: 04812733595, ഇമെയിൽ: cat@mgu.ac.in
(പി.ആർ.ഒ/39/370/2023)

## പരീക്ഷാ ഫലം

2022 ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ്(2012 - 2018 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ ഒൻപതു വരെ ഡെപ്യൂട്ടി രജിസ്ട്രാർക്ക്(7 പരീക്ഷ) അപേക്ഷ നൽകാം.
..........................
2022 ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്(സപ്ലിമെന്ററിയും മെഴ്സി ചാൻസും) എം.എസ്.സി ഇലക്ട്രോണിക്സ്, ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻസ്, അപ്ലൈഡ് ഇലക്ട്രോണിക്സ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് യഥാക്രമം ഏപ്രിൽ 11, 12, 14 തീയതികൾ വരെ അപേക്ഷ നൽകാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
......
ഒന്ന്, രണ്ട് സെമസ്റ്ററുകൾ എം.എസ്.സി ബോട്ടണി(2004 2011 അഡ്മിഷൻ നോൺ സി.എസ്.എസ് അദാലത്ത് സ്പെഷ്യൽ മേഴ്സി ചാൻസ് ഏപ്രിൽ 2021)പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 14 വരെ സർവകലാശാലയിൽ അപേക്ഷ നൽകാം.
(പി.ആർ.ഒ/39/371/2023)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ

ഏപ്രിൽ 24ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

..................

നാലാം സെമസ്റ്റർ ബി.പി.എഡ് ഡിഗ്രി പരീക്ഷ(2021 അഡ്മിഷൻ റെഗുലർ, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി 2015, 2016, 2017, 2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഏപ്രിൽ 24ന് ആരംഭിക്കും.

ഏപ്രിൽ പത്തു വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. പിഴയോടുകൂടി ഏപ്രിൽ 11നും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ 12നും അപേക്ഷ സ്വീകരിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

.....................

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്യുവേറ്റ്(2009 മുതൽ 2012 വരെ അഡ്മിഷനുകൾ സെമസ്റ്റർ ഇംപ്രൂവ്മെന്റും മെഴ്സി ചാൻസും) പരീക്ഷകൾ മെയ് പത്തിന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/372/2023)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ കളിനറി ആർട്സ് ആൻറ് കാറ്ററിംഗ് ടെക്നോളജി(സിബിസിഎസ്-2020 അഡ്മിഷൻ റെഗുലർ, 2017-2019 അഡ്മിഷൻ റീ അപ്പിയറൻസ് മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 28 മുതൽ സൂര്യനെല്ലി മൗണ്ട് റോയൽ കോളജിൽ നടത്തും.

.........................

നാലാം സെമസ്റ്റർ എം.സി.എ(2017-2019 അഡ്മിഷൻ സപ്ലിമെന്ററി, ലാറ്ററൽ എൻട്രി 2017-2019 അഡ്മിഷൻ, 2016 അഡ്മിഷൻ സപ്ലിമെന്ററി-അഫിലിയേറ്റഡ് കോളജുകൾ, 2015 അഡ്മിഷൻ-അഫിലിയേറ്റഡ് കോളജുകളും സീപാസും,ഫസ്റ്റ് മേഴ്സി ചാൻസ്, 2011-2014 അഡ്മിഷൻ സെക്കൻഡ് മേഴ്സി ചാൻസും ലാറ്ററൽ എൻട്രിയും-അഫിലിയേറ്റഡ് കോളജുകളും സീപാസും 2014 -2016 അഡ്മിഷൻ സെക്കൻഡ് മേഴ്സി ചാൻസ്-നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ പത്തിന് പുല്ലരിക്കുന്ന് സീപാസിൽ നടത്തും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/373/2023)

## പരീക്ഷാ കേന്ദ്രം

മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ബി.എ

സ്.സി മെഡിക്കൽ ലാബോറട്ടറി ടെക്നോളജി(പഴയ സ്കീം –2008ന് മുൻപുള്ള അഡ്മിഷനുകൾ – സ്പെഷ്യൽ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഗാന്ധിനഗറിലെ സ്കൂൾ ഓഫ് മെഡിക്കൽ എജ്യുക്കേഷൻ പരീക്ഷാ കേന്ദ്രമായി അനുവദിച്ചു.

പരീക്ഷയ്ക്കായി അപേക്ഷ സമർപ്പിച്ചിരുന്ന വിദ്യാർഥികളുടെ പഠനകാലത്തെ മെഡിക്കൽ ലാബോറട്ടറി ടെക്നോളജി പഠന കേന്ദ്രങ്ങൾ നിലവിൽ സർവകലാശാലയുടെ കേന്ദ്രങ്ങളല്ല. ഈ സാഹചര്യത്തിൽ ഭൂരിഭാഗം വിദ്യാർഥികളും സ്കൂൾ ഓഫ് മെഡിക്കൽ എജ്യുക്കേഷൻ പരീക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തത് പരിഗണിച്ചാണ് പരീക്ഷാ കൺട്രോളർ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത്.

(പി.ആർ.ഒ/39/374 /2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**